പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.307 08.06.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസ് നടത്തിപ്പിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.സി.കൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ നടന്നതായി ആരോപിക്കപ്പെട്ട അഴിമതി സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്നതാണ് അന്വേഷണ സംഘമെന്നു വിശദമാക്കുമോ ; | (എ) & (ബി) അന്വേഷണം നടത്താൻ ഒരു ഏജൻസിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. |
| (ബി) എന്തെല്ലാം ആരോപണങ്ങളാണ് പോലീസ് സംഘം അന്വേഷിക്കുന്നത്; ശ്രീ.വി.ശിവൻകുട്ടി, എം.എൽ.എ. നൽകിയ പരാതി അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ടോയെന്നു വെളിപ്പെടുത്തുമോ ; | |
| (സി) 35-ാമത് ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി പ്രസിദ്ധീകരിക്കേണ്ടിയിരുന്ന അവസാന ദിവസം കേന്ദ്ര നിർദ്ദേശപ്രകാരം എന്നായിരുന്നുവെന്നു വ്യക്തമാക്കുമോ; | (സി) കേന്ദ്ര സർക്കാർ ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ആഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തെല്ലാമായിരുന്നു; ഇപ്പോൾ നടന്നതായ ആഡിറ്റ് പൂർണ്ണമാണോ ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ്; ആഡിറ്റ് പൂർത്തിയാക്കി എന്നത്തേക്ക് പ്രസിദ്ധീകരിക്കും; എത്ര കോടി രൂപയുടെ ആഡിറ്റ് നടത്താൻ ബാക്കി നിൽപുണ്ട്; വ്യക്തമാക്കുമോ; | (ഡി) | 35-ാമത് ദേശീയ ഗെയിംസിന്റെ 15.03.2008 മുതൽ 31.03.2015 വരെയുള്ള വരവ്-ചെലവ് കണക്കുകളിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ഇ) | സർക്കാർ ഫണ്ട് വിനിയോഗിച്ച് സർക്കാരിന്റേതല്ലാത്ത ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ എത്ര തുക വിനിയോഗിച്ച് നടത്തിയിട്ടുണ്ട്; അവ ഓരോന്നിന്റേയും ഇപ്പോഴത്തെ അവസ്ഥയും ഉടമസ്ഥാവകാശവും സംബന്ധിച്ച് വിശദമാക്കാമോ; | (ഇ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | ആഡിറ്റ് പ്രകാരം കണ്ടെത്തിയ ന്യൂനതകളും ക്രമക്കേടുകളും സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. **സ്ക്വാഷ് കോർട്ട്**

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പരിസരത്ത് പുതിയതായി സ്ക്വാഷ് കോർട്ട് നിർമ്മിച്ചു. ജി.ഒ. (ആർ.റ്റി) നം. 32/13/എസ്&വൈഎ തീയതി 18/02/2013 പ്രകാരം 5,50,48,215/- രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് താഴെ പറയുന്നു.

| | |
|---|---|
| സിവിൽ & ഇലക്ട്രിക്കൽ പണികൾ | - 3,79,09,343/- |
| സ്പോർട്സ് സർഫസിംഗ് | - 39,97,108/- |
| ഡീസൽ ജനറേറ്റർ | - 17,57,203/- |

സ്ക്വാഷ് കോർട്ടിന്റെ താൽക്കാലിക പരിപാലനം സ്റ്റേറ്റ് പോലീസ് ചീഫിനെ ഏൽപിച്ചിരിക്കുകയാണ്. അന്തിമബില്ല് നൽകിയിട്ടില്ല.

2. **ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം**

35-ാമത് നാഷണൽ ഗെയിംസിന് അത്‌ലറ്റിക് പരിശീലനത്തിനായി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നവീകരണ പ്രവൃത്തികൾ നടത്തുകയുണ്ടായി. ജി.ഒ. (ആർ.റ്റി) നം.179/13/എസ്&വൈഎ തീയതി 21/10/2013 പ്രകാരം 2,76,75,834/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് താഴെ പറയുന്നു.

| | |
|---|---|
| അറ്റകുറ്റ പണികൾ | - 2,01,42,993/- |
| ഗ്രാസ് ടർഫ് | - 7,00,000/- |
| പെയിന്റിംഗ് | - 1,00,000/- |

ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം കേരളാ പോലീസ് സ്പോർട്സ് വെൽഫെയർ സൊസൈറ്റിയുടെ അധീനതയിലാണ്.

3. <u>ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്</u>

ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബിൽ മൂന്നു ടെന്നീസ് കോർട്ടുകൾക്ക് മേൽക്കൂരയും സിന്തറ്റിക് പ്രതലവും അത്യാവശ്യ വൈദ്യുതീകരണവും ചെയ്ത് നവീകരിച്ചിട്ടുണ്ട്. ഇതിനായി സ.ഉ.(സാധാ)നം.37/14/എസ്&വൈഎ തീയതി 31/02/2014 പ്രകാരം 2,09,43,899/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് താഴെപറയുന്നു.

| | | |
|---|---|---|
| മേൽക്കൂരയും ഫെൻസിംഗും | - | 89,87,316/- |
| വൈദ്യുതീകരണം | - | 10,34,338/- |
| സിന്തറ്റിക് പ്രതലം | - | 45,66,053/- |
| **ആകെ** | - | **1,45,87,707/-** |

ട്രിവാൻട്രം ടെന്നീസ് ക്ലബ്ബിലെ നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിനായി സ്പോർട്സ് ഡയറക്ടറേറ്റും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും ടെന്നീസ് ക്ലബ്ബുമായി ഒരു ത്രികക്ഷി കരാർ ഒപ്പു വച്ചിട്ടുണ്ട്. കരാർ പ്രകാരം, സർക്കാർ സംഘടിപ്പി ക്കുന്ന ടെന്നീസ് ടൂർണമെന്റുകൾക്കും, ജില്ല/സംസ്ഥാന/ടെന്നീസ് അസോസിയേഷനു കൾ സംഘടിപ്പിക്കുന്ന ജില്ല/സംസ്ഥാന/ദേശീയ ടൂർണമെന്റുകൾക്കും വാടക ഈടാ ക്കാതെ ടെന്നീസ് ക്ലബ്ബിലെ സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് വ്യവസ്ഥയുണ്ട്.

നവീകരിച്ച കോർട്ടുകളുടെ ഉടമസ്ഥാവകാശം ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബിൽ നിക്ഷിപ്തമാണ്.

4. <u>ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ</u>

തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ മേപ്പിൾവുഡ് ഫ്ളോറിംഗ്, അക്വാസ്റ്റിക് പ്രവൃത്തികൾ, ജനലുകളിൽ ഗ്ലാസ് പാകുന്നത് എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി സ.ഉ.(സാധാ)നം.162/13/എസ്&വൈഎ തീയതി

03/09/2013 പ്രകാരം 70,08,650/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചെലവഴിച്ച തുക ഇനം തിരിച്ച് താഴെ പറയുന്നു.

അക്വാസ്റ്റിക്സ് അനുബന്ധ പ്രവൃത്തികൾ - 48,25,091/-

ജനലുകളിൽ ഗ്ലാസ് പാകുന്ന പ്രവൃത്തികൾ - 19,78,769/-

മേപ്പിൾവുഡ് ജോലികൾ - 30,82,243/-

നവീകരിച്ച സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം തൃപ്രയാർ സ്പോർട്സ് ഗെയിംസ് അസോസിയേഷൻ എന്ന സൊസൈറ്റിയുടെ കീഴിലാണ്.

5. **രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം**

രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം പുനരുദ്ധാരണം ചെയ്യുന്നതിലേക്കായി ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ചെയ്യുകയുണ്ടായി. പ്രവൃത്തികളുടെ ഭരണാനുമതിയും ഇതിലേക്കായി ഇതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഭരണാനുമതി നമ്പരും തീയതിയും | ഭരണാനുമതി തുക | ഇതുവരെ ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ | ജി.ഒ.നം. 47/14/എസ് &വൈഎ 04/03/2014 | 8,48,10,474 | 8,22,86,546 |
| 2. | അക്വാസ്റ്റിക്സ് | ജി.ഒ.നം. 3331/10/ജി.ഇഡിഎൻ. 28/07/2010 | 91,82,200 | 81,74,763 |
| 3. | അഡീഷണൽ വർക്ക് (മേൽക്കൂര നിർമ്മാണം) | ജി.ഒ.നം. 47/14/എസ് &വൈഎ 04/03/2014 | 62,50,000 | 62,50,000 |
| 4. | സീറ്റിംഗ് സംവിധാനം | ജി.ഒ.നം. 168/14/എസ് &വൈഎ 08/08/2014 | 1,04,83,200 | 61,99,869 |

എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനുമായിട്ടുള്ള റീജിയണൽ സ്പോർട്സ് സെന്ററിന്റെ അധീനതയിലാണ് ഇപ്പോൾ ടി ഇൻഡോർ സ്റ്റേഡിയം. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, റീജിണൽ സ്പോർട്സ് സെന്റർ, എറണാകുളം, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ പ്രകാരം സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കായിക മത്സരങ്ങൾ സൗജന്യമായി ഈ സ്റ്റേഡിയത്തിൽ നടത്താമെന്ന് വ്യവസ്ഥയുണ്ട്.